**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2371** **12-02-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച പഠന സമിതിയുടെ റിപ്പോർട്ടിൽ വിപണി വിലയുടെ 25 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറവിൽ സാധനങ്ങൾ വിൽക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച പഠന സമിതിയുടെ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്. |
| (ബി) | സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വില ആറുമാസത്തിലൊരിക്കൽ പുനർ നിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സപ്ലൈകോ വിൽപ്പന ശാലകൾ വഴി വില്പന നടത്തി വരുന്ന 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വില 2016 ന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. കേരള സർക്കാർ 24-11-2023 ലെ സ.ഉ. (സാധാ) നം. 473-2023-F&CS ഉത്തരവ് പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ദ്ധനുമായ ഡോ. രവിരാമൻ അധ്യക്ഷനായും ഭക്ഷ്യ പൊതുവിതരണ വകുപ്പ സെക്രട്ടറി, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ടി സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പുതുക്കിയ വിലനിർണ്ണയ സ്കീമുകളും, സ്കീമിനു കീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടു. കൂടാതെ സപ്ലൈകോയുടെ പ്രവർത്തനം വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാനും കമ്മിറ്റിയോട് ആവശ്യപ്പെട്ടതിൻ പ്രകാരം സമിതി വിശദമായ ചർച്ചകൾ നടത്തുകയും നിർദ്ദിഷ്ട മേഖലകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങിയ വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | സപ്ലൈകോയുടെ നഷ്ടം നികത്തുന്നതിനായി മദ്യവിൽപനയ്ക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (സി) | ബിസിനസ്സ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ വഴി മദ്യവിൽപ്പന നടത്തുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ